"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കണ്ണൂർ, തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ ആംബുലൻസ് ഡ്രൈവർ ശ്രീ.പ്രിയേഷ് കരുവത്തും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഒ.എ (ഇ കെ എം) 1170/2023 നമ്പർ ഹർജിയിലെ 13.10.2023-ലെ ഉത്തരവിലെ നിർദ്ദേശം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും(എഫ്)വകുപ്പ്

സ.ഉ.(സാധാ) നം.1244/2024/LBR തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-
1. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ആംബുലൻസ് ഡ്രൈവർമാരായ ശ്രീ. സന്തോഷ്.വി, ശ്രീ.ബിജു.പി എന്നിവർ 26.07.2023 തീയതിയായി സർക്കാരിൽ സമർപ്പിച്ച നിവേദനം. (അനുബന്ധം A 13 )
2. ശ്രീ.പ്രിയേഷ് കരുവത്തും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഒ.എ (ഇ കെ എം) 1170/2023 നമ്പർ ഹർജിയിലെ 13.10.2023 ലെ ഉത്തരവ്.
3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 04.12.2023 ലെ ബി2-3403/2023/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഇ.എസ്.ഐ ആശുപത്രികളിൽ ജോലിചെയ്യുന്ന ആംബുലൻസ് ഡ്രൈവർമാരുടെ ജോലി സമയം നിലവിലെ 12 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി നിജപ്പെടുത്തണമെന്നും അത്യാവശ്യ കാര്യങ്ങൾക്ക് അനുവദനീയമായ ലീവ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ആംബുലൻസ് ഡ്രൈവർമാരായ ശ്രീ. സന്തോഷ്.വി, ശ്രീ.ബിജു.പി എന്നിവർ പരാമർശം 1 ആയി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു തുടർന്ന് ടി നിവേദനം അനുബന്ധം A 13 ആയി ചേർത്തു കൊണ്ട് ശ്രീ.പ്രിയേഷ് കരുവത്തും മറ്റുള്ളവരും ചേർന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ (ഇ.കെ.എം) 1170/2023 നമ്പരായി ഹർജി ഫയൽ ചെയ്യുകയുണ്ടായി.

2) ഒ.എ (ഇ.കെ.എം) 1170/2023 നമ്പരായി ഹർജിയിലെ പരാമർശം (2)

പ്രകാരമുള്ള ഉത്തരവിൽ അനുബന്ധം A 13 നിവേദനം പരിശോധിച്ച് പരാതിക്കാരുടെ പ്രതിനിധികളെ ഒന്നാം എതിർകക്ഷിയായ തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി കേട്ടതിനു ശേഷം ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനകം ഉചിതമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

3)ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ പ്രതിനിധികളായ ശ്രീ. സന്തോഷ്.വി, ശ്രീ.ബിജു.പി. എന്നിവരെ 30/11/2023 ന് ടി ആവശ്യത്തിന് ചുമതലപ്പെടുത്തിയത് പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പേരൂർക്കട ഇ എസ് ഐ ആശുപത്രിയിലെ ആംബുലൻസ് ഡ്രൈവർമാർ അവധിയെടുക്കാതെ ആഴ്ചയിലെ എല്ലാ ദിവസവും ജോലി ചെയ്യുന്നുവെന്നും ഒരാൾക്ക് അവധി വേണമെങ്കിൽ അടുത്ത ഡ്രൈവർ 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യമാണെന്നും അപ്രതീക്ഷിതമായി ഉണ്ടാകുന്ന മരണത്തിനോ മറ്റ് അടിയന്തര സാഹചര്യങ്ങൾക്കോ മാത്രമേ ലീവ് അനുവദിക്കുന്നുള്ളൂവെന്നും കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പൊതു അവധികളോ ആകസ്മിക അവധികളോ കോമ്പൻസേഷൻ അവധികളോ എടുക്കുവാൻ ഡ്രൈവർമാരെ അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ ഇ.എസ്.ഐ ആശുപത്രിയിലെ ഡ്രൈവർമാരുടെ ജോലി സമയം 12 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി കുറയ്ക്കണമെന്നും അനുവദനീയമായ ലീവ് അനുവദിക്കണമെന്നും അപേക്ഷകർ നേരിൽ കേട്ടപ്പോൾ ആവശ്യപ്പെടുകയുണ്ടായി.

4)ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ നിലവിലുള്ള 9 ഇ .എസ്. ഐ. ആശുപത്രികളിൽ ഏഴ് ആശുപത്രികളിൽ മാത്രമാണ് ആംബുലൻസ് ഡ്രൈവർ തസ്തികൾ ഉള്ളതെന്നും ഓരോ ആശുപത്രിയിലും രണ്ടുവിധം ആകെ 14 ഡ്രൈവർ ആണ് ആംബുലൻസ് ഡ്രൈവർമാരാണ് ഉള്ളതെന്നും ജോലി സമയം നിലവിലെ 12 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി കുറയ്ക്കുമ്പോൾ ഓരോ ആശുപത്രിയിലും ഓരോ ഡ്രൈവർ തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടി വരുമെന്നും ഏഴ് ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും പരാമർശം (3) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധം A 13 നിവേദനത്തിലെ ആവശ്യം പരിഗണിച്ചാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ആംബുലൻസ് ഡ്രൈവർമാരായ ശ്രീ. സന്തോഷ്.വി, ശ്രീ.ബിജു.പി എന്നിവർ പരാമർശം (1) പ്രകാരം സമർപ്പിച്ച നിവേദനത്തിലെ (അനുബന്ധം A 13 ) ആവശ്യം നിരസിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.പ്രിയേഷ് കരുവത്തും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഒ.എ (ഇ കെ എം) 1170/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള,എറണാകുളം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.പ്രിയേഷ് കരുവത്തും മറ്റുള്ളവരും, ആംബുലൻസ് ഡ്രൈവർമാർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ( ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ് ( സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 02-12-2024 16:34:53
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.